മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

Article ID: MRK0014

# യാഥാർത്ഥ്യത്തിന്റെ നിഴൽച്ചിത്രങ്ങൾ
# ആദ്യകാല മലയാളകഥകളിലെ ഭ്രമകല്പനകൾ

» ജയകൃഷ്ണൻ ആർ. എം.

**പ്രബന്ധസംഗ്രഹം**

മലയാളചെറുകഥയുടെ പ്രാരംഭഘട്ടത്തിലെ ആഖ്യാനപരമായ പരിണാമങ്ങളെ 'ഭ്രമകല്പന' എന്ന സവിശേഷതന്ത്രത്തിന്റെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്ന പഠനമാണിത്. കേവലമായ സംഭവവിവരണങ്ങൾക്കപ്പുറം സാംസ്കാരികോത്പന്നം എന്ന നിലയിൽ കഥയെ സമീപിക്കുന്ന ഈ പ്രബന്ധം, യഥാതഥാവിഷ്കാരങ്ങളുടെ അതിപ്രസരമുണ്ടായിരുന്ന ആദ്യകാലത്ത് ഭാവനയുടെയും മിത്തിന്റെയും വിഭ്രമാത്മകതലങ്ങൾ എങ്ങനെ ആവിഷ്കരിക്കപ്പെട്ടു എന്ന് പരിശോധിക്കുന്നു. സെവെറ്റൻ ടോഡോറോവ് (Tzvetan Todorov), ജെറാർഡ് ജനറ്റ് (Gerard Genette) തുടങ്ങിയവരുടെ ആഖ്യാനസിദ്ധാന്തങ്ങളെ മുൻനിർത്തി, കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ 'ദ്വാരക', ഇ.വി. കൃഷ്ണപിള്ളയുടെ 'എന്റെ ഗന്ധർവ്വ സ്നേഹിതൻ' എന്നീ കഥകളിലെ ഉത്തമപുരുഷ വീക്ഷണകോണും സ്വപ്നാത്മകമായ പശ്ചാത്തലസൃഷ്ടിയും ഇവിടെ ചർച്ചയാകുന്നു. ശാസ്ത്രീയമായ ആധുനികതയും പുരാണസ്മൃതികളും തമ്മിലുള്ള സാംസ്കാരിക വിനിമയമായി ഭ്രമകല്പനയെ അടയാളപ്പെടുത്തുന്നതിലൂടെ, മലയാളത്തിലെ പിൽക്കാല ആധുനികതയ്ക്ക് ആവശ്യമായ ഭാവുകത്വപരമായ അടിത്തറ ഈ ആദ്യകാല രചനകൾ എങ്ങനെ നിർമ്മിച്ചു എന്ന് ഈ പ്രബന്ധം സ്ഥാപിക്കുന്നു.

**താക്കോൽവാക്കുകൾ:**

സർഗ്ഗാത്മകത (Creativity), സംസ്കാരികോത്പന്നം (Cultural Product), ഭ്രമകല്പന (Fantasisation), പശ്ചാത്തല സൃഷ്ടി, സ്വപ്നാത്മകം, ഉത്തമപുരുഷവീക്ഷണകോൺ (First person Point of View).

..............................................................................................................................................................................

മനുഷ്യാനുഭവങ്ങളുടെ സങ്കീർണ്ണതകളെ ഭാഷാപരമായ അടയാളപ്പെടുത്തലുകളിലൂടെ പുനരാവിഷ്കരിക്കുന്ന സർഗ്ഗാത്മക പ്രക്രിയയാണ് ആഖ്യാനം (Narrative). കേവലം സംഭവവിവരണങ്ങൾക്കപ്പുറം, സംസ്കാരത്തിന്റെയും കാലത്തിന്റെയും അടരുകളെ സംവഹിക്കുന്ന ഒരു 'സാംസ്കാരികോത്പന്നം' എന്ന നിലയിലാണ് ആധുനികപഠനങ്ങൾ ചെറുകഥയെ സമീപിക്കുന്നത്. നൂറ്റിയമ്പതോളം വർഷത്തെ ചരിത്രമുള്ള മലയാളചെറുകഥാസാഹിത്യം, അതിന്റെ പരിണാമദശകളിൽ രൂപപരമായ അനേകം പരീക്ഷണങ്ങൾക്ക് വിധേയമായിട്ടുണ്ട്. നാടോടിക്കഥകൾ, ഐതിഹ്യങ്ങൾ, ഗുണപാഠകഥകൾ തുടങ്ങിയ വാമൊഴി-വരമൊഴി പാരമ്പര്യങ്ങളിൽ നിന്ന് ആധുനികമായ ആഖ്യാന രീതികളിലേക്കുള്ള പരിവർത്തനം ഏറെ കൗതുകകരമാണ്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

ആദ്യകാല മലയാളചെറുകഥകൾ മിക്കവാറും യഥാതഥാവിഷ്കാരങ്ങളിലൂന്നിയ വിവരണാത്മക ശൈലിയാണ് പിന്തുടർന്നിരുന്നത് എങ്കിലും, ചില രചനകൾ ഭാവനയുടെ അതിരുകൾ ലംഘിക്കുന്ന 'ഭ്രമകല്പന' എന്ന സവിശേഷ ആഖ്യാനതന്ത്രത്തെ പരീക്ഷിച്ചിരുന്നു. സാഹിത്യ സിദ്ധാന്തമനുസരിച്ച് 'ഫാന്റസി' എന്നത് യാഥാർത്ഥ്യത്തിൽ നിന്നുള്ള വിടുതലല്ല, മറിച്ച് അബോധമനസ്സിലെ ആഗ്രഹങ്ങളെയും ഭീതികളെയും യുക്തിരഹിതമായ ദൃശ്യങ്ങളിലൂടെ ആവിഷ്കരിക്കുന്നരീതിയാണ്. മലയാളചെറുകഥയുടെ ചരിത്രപരമായ വികാസത്തെ കേവലം ഇതിവൃത്തപരമായ മാറ്റങ്ങളായല്ല, മറിച്ച് ആഖ്യാനപരമായ പരീക്ഷണങ്ങളുടെ തുടർച്ചയായാണ് വിലയിരുത്തേണ്ടത്. കഥപറച്ചിലിന്റെ പരമ്പരാഗത രീതികളിൽ നിന്ന് ആധുനികമായ ആഖ്യാനതന്ത്രങ്ങളിലേക്കുള്ള പരിണാമത്തിൽ 'ഭ്രമകല്പന' എന്ന സങ്കല്പം വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്. യാഥാർത്ഥ്യത്തെ ലംഘിക്കുകയല്ല, മറിച്ച് യാഥാർത്ഥ്യത്തിന്റെ മറ്റൊരു തലം വെളിപ്പെടുത്തുകയാണ് ഭ്രമകല്പന ചെയ്യുന്നത്. കേവലമായ വിവരണാത്മകതയിൽ നിന്ന് ആത്മനിഷ്ഠമായ ആവിഷ്കാരങ്ങളിലേക്കുള്ള മലയാളകഥയുടെ മാറ്റം ഈ വിഭ്രമാത്മകശൈലികളിലൂടെയാണ് സാധ്യമായത്.

ആഖ്യാനം എന്നത് സംഭവങ്ങളുടെ ക്രമീകരണം മാത്രമല്ല, അത് ആഖ്യാതാവും വായനക്കാരനും തമ്മിലുള്ള ഒരു സാംസ്കാരിക വിനിമയം കൂടിയാണ്. ജെറാർഡ് ജനറ്റ്, റൊളാങ് ബാർത്ത് തുടങ്ങിയ ചിന്തകർ ആഖ്യാനത്തെ ഒരു ശാസ്ത്രമായി സമീപിച്ചിട്ടുണ്ട്. ഈ പ്രബന്ധം ചർച്ച ചെയ്യുന്ന 'ദ്വാരക', 'എന്റെ ഗന്ധർവ്വ സ്നേഹിതൻ' എന്നീ കഥകളിൽ ഉത്തമപുരുഷ വീക്ഷണകോൺ (First-person perspective) സ്വീകരിച്ചിരിക്കുന്നത് ഭ്രമകല്പനയെ 'അനുഭവിച്ചറിഞ്ഞ സത്യമായി' മാറ്റാനാണ്. കഥ ആരുടെ കണ്ണിലൂടെ കാണുന്നു എന്നത് ആഖ്യാനത്തിന്റെ വിശ്വാസ്യതയെ നിർണ്ണയിക്കുന്നു. ഇവിടെ ആഖ്യാതാവ് ഒരു സാക്ഷിയായി മാറുന്നതിലൂടെ അവിശ്വസനീയമായ കാര്യങ്ങൾക്കും 'യഥാതഥാത്മകമായ' പരിവേഷം ലഭിക്കുന്നു.സാഹിത്യത്തിലെ ഭ്രമകല്പനയെക്കുറിച്ച് ഏറ്റവും ശ്രദ്ധേയമായ പഠനം നടത്തിയത് സെവെറ്റൻ ടോഡോറോവ് ആണ്. അദ്ദേഹത്തിന്റെ നിരീക്ഷണപ്രകാരം ഫാന്റസി എന്നത് അത്ഭുതം (The Marvelous), വിചിത്രം (The Uncanny) എന്നീ രണ്ട് അവസ്ഥകൾക്കിടയിലുള്ള ഒരു അനിശ്ചിതാവസ്ഥയാണ് (The Fantastic). വായനക്കാരൻ അത്ഭുതത്തിനും യുക്തിക്കും ഇടയിൽ നിൽക്കുന്ന ഈ നിമിഷമാണ് ഭ്രമകല്പനയുടെ കരുത്ത്. മലയാളത്തിലെ ആദ്യകാല ഫാന്റസി കഥകളിൽ ഈ അനിശ്ചിതാവസ്ഥ ആഖ്യാനത്തിന്റെ മനോഹാരിതയായി മാറുന്നു. മലയാളത്തിലെ ഭ്രമകല്പന പാശ്ചാത്യ സ്വാധീനത്തിൽ മാത്രം ഉണ്ടായ ഒന്നല്ല എന്നതും ശ്രദ്ധേയമാണ്. ഭാരതീയ ഇതിഹാസങ്ങളിലും പുരാണങ്ങളിലും ദശകുമാരചരിതം പോലെയുള്ള കഥകളിലും വിഭ്രമാത്മകമായ ആഖ്യാനങ്ങൾ സമൃദ്ധമാണ്.

മിത്തുകളെയും ഐതിഹ്യങ്ങളെയും ആധുനികചെറുകഥയുടെ ഘടനയിലേക്ക് പറിച്ചുനടാനാണ് ഇ.വി. കൃഷ്ണപിള്ളയെപ്പോലുള്ളവർ ശ്രമിച്ചത്. പൗരസ്ത്യമായ മിത്തോളജിയെ പാശ്ചാത്യ ആഖ്യാനരൂപങ്ങളുമായി സംയോജിപ്പിക്കുന്ന ഒരു ഹൈബ്രിഡ് ആഖ്യാനതന്ത്രമാണിത്. ഇത്തരത്തിൽ പൗരസ്ത്യമായ കഥാപാരമ്പര്യത്തെ പാശ്ചാത്യമായ ചെറുകഥാരൂപവുമായി സമന്വയിപ്പിക്കാനാണ് ആദ്യകാല കഥാകൃത്തുക്കൾ ഭ്രമകല്പനയിലൂടെ ശ്രമിച്ചത്. യഥാതഥാവിഷ്കാരങ്ങളുടെ (Realism) അതിപ്രസരമുണ്ടായിരുന്ന ആദ്യകാല മലയാളചെറുകഥാസാഹിത്യത്തിൽ, ആത്മനിഷ്ഠവും ഭാവനാത്മകവുമായ ആഖ്യാനങ്ങൾ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്നു. പിൽക്കാലത്ത് മലയാളത്തിലുണ്ടായ ആധുനികതാപ്രസ്ഥാനത്തിന് ആവശ്യമായ ഭാവുകത്വപരമായ അടിത്തറ ഈ കഥകൾ നിർമ്മിച്ചു. കേവലം വിനോദത്തിനപ്പുറം, മനുഷ്യമനസ്സിന്റെ ഗഹനമായ തലങ്ങളെ ആവിഷ്കരിക്കാനുള്ള ഒരു ഉപാധിയായി ഭ്രമകല്പന മാറിയതെങ്ങനെയെന്ന് പരിശോധിക്കുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

മനുഷ്യർ ഭാഷയിലൂടെ ആശയവിനിമയം ചെയ്യുവാനാരംഭിച്ച കാലം മുതൽക്കുതന്നെ കഥകളുമുണ്ടായിട്ടുണ്ട്. ജീവിതാവിഷ്കാരമാണ് കഥ. ഏതെങ്കിലും തരത്തിലുള്ള അനുഭവത്തിന്റെയോ സങ്കല്പത്തിന്റെയോ സാന്നിദ്ധ്യം എല്ലാ കഥകളിലും ഉണ്ടായിരിക്കും. ഗോത്രജീവിതത്തിലെ വിശ്രമവേളകളാകും കഥ പറച്ചിലിന് ആദ്യം കിട്ടിയ അവസരങ്ങൾ. വാമൊഴിയിലൂടെ തലമുറകളായി കൈമാറിവന്ന പലതരം കഥകൾ സംസ്കാരവികാസത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ വരമൊഴിയിലേക്കും പകർന്നു. ഗദ്യരൂപത്തിലും പദ്യരൂപത്തിലും നാടൻമൊഴി മുതൽ ബൃഹത്തായ ഇതിഹാസം വരെയുള്ള എല്ലാ സർഗ്ഗാത്മക ആഖ്യാനരൂപങ്ങളിലും കഥകൾ വ്യാപിച്ചു. സംസ്കാരികോത്പന്നം എന്ന രീതിയിൽ കഥയ്ക്ക് ജീവിതത്തിൽ വലിയ പങ്കുണ്ട്. വളരെ ലളിതമായി, അനുക്രമമായ സംഭവവിവരണമാണ് കഥ എന്നു പറയാം. ആദ്യമാദ്യം ആഖ്യാനം ചെയ്യുന്ന സംഭവങ്ങളിലൂടെ ഒരു സവിശേഷസാഹചര്യത്തെയോ അതിൽ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

നിന്നുണ്ടാകുന്ന പ്രശ്നത്തെയോ അവതരിപ്പിക്കുകയും തുടർന്നുവരുന്ന സംഭവങ്ങളിലൂടെ ആ പ്രശ്നത്തിന് പരിഹാരം തേടുകയും ചെയ്യുന്നു. കഥ പുരോഗമിക്കുന്നതിനനുസൃതമായി ഇനിയെന്ത് എന്ന ആകാംക്ഷ അനുവാചകനിൽ ഉണരുന്നു. അതിന് പരിഹാരം നിർദ്ദേശിക്കുന്നതോടെ കഥ അവസാനിക്കുന്നു. ഇപ്രകാരത്തിലുള്ള സംഭവത്തുടർച്ച കഥയുടെ അടിസ്ഥാനഘടകമാണെന്ന് നിരീക്ഷിക്കാം.

ഇതര ഗദ്യസാഹിത്യശാഖകളെപ്പോലെ പാശ്ചാത്യസാഹിത്യവുമായുള്ള സമ്പർക്കത്തിൽ നിന്നുതന്നെയാണ് മലയാളചെറുകഥയുടെയും ഉത്ഭവമെന്നത് തർക്കമറ്റ വസ്തുതയാണ്. കേസരി വേങ്ങയിൽ കുഞ്ഞിരാമൻനായനാർ, മൂർക്കോത്ത് കുമാരൻ, സി. എസ്. ഗോപാലപ്പണിക്കർ, അമ്പാടി നാരായണപ്പൊതുവാൾ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, എം.ആർ.കെ.സി തുടങ്ങിയ ആദ്യകാല കഥാകൃത്തുകൾ ചെറുകഥയെ ആകർഷണീയവും ജനകീയവുമായ ഒരു സാഹിത്യരൂപമാക്കി.

മലയാളഗദ്യസാഹിത്യത്തിലെ വിപ്ലവമായാണ് 'വാസനാവികൃതി' വിലയിരുത്തപ്പെട്ടത്. മലയാളഭാഷയുടെ പരിമിതികളെപ്പോലും അതിജീവിച്ച് കഥയുടെ ആഖ്യാനത്തിനു പാകത്തിൽ ഭാഷയെ മെരുക്കിയെടുക്കുന്നതിൽ വേങ്ങയിൽ കുഞ്ഞിരാമൻനായനാർ വിജയിച്ചു. ആറുമാസത്തെ ജയിൽശിക്ഷ കഴിഞ്ഞ് മടങ്ങിയെത്തിയ കള്ളൻ സ്വയം പറയുന്ന രീതിയിലാണ് 'വാസനാവികൃതി'യുടെ ആഖ്യാനം. ഗുണപാഠകഥകളുടെ പാരമ്പര്യത്തിൽ നിന്നുള്ള ഈ വ്യതിയാനം ഏറെ ശ്രദ്ധിക്കപ്പെടുകയുണ്ടായി. നിലവിലുള്ള കഥപറച്ചിൽ രീതിയിൽ നിന്നും വിഭിന്നമാകുമ്പോൾത്തന്നെ ഭാവതലത്തിൽ അതിന്റെ ആന്തരികസവിശേഷതകളെ നിലനിർത്താനും 'വാസനാവികൃതി' ശ്രമിക്കുന്നുണ്ട്. നാടോടിക്കഥയുടെ ലാളിത്യവും ഗുണവും സൂചനകളും ഇതാണ് വ്യക്തമാക്കുന്നത്. സ്വപ്നാത്മകമായ ഘടനയും നാടകീയതയും കൊണ്ട് ശ്രദ്ധേയമാണ് വേങ്ങയിൽ കുഞ്ഞിരാമൻനായനാരുടെ മറ്റൊരു കഥയായ 'ദ്വാരക', മനശ്ശാസ്ത്രപരമായ ആഖ്യാനകൗശലത്തിന്റെ നിദർശനമായി ഈ കഥ വിലയിരുത്തപ്പെട്ടിട്ടുണ്ട്. "ഉയർന്ന സാങ്കേതികപരിജ്ഞാനം, ചരിത്ര പുരാണങ്ങളിലെ അവബോധം എന്നീ ഘടകങ്ങൾ കഥയെ ഉയർന്ന വിതാനത്തിലേക്കു നയിക്കുമ്പോൾ നീണ്ട വാക്യങ്ങളിലൂടെയുള്ള ആഖ്യാനം ആസ്വാദനത്തെ പരിമിതപ്പെടുത്തുന്നു" (ഡോ. വത്സലൻ വാതുശ്ശേരി, 2007: 28) എന്ന നിരീക്ഷണം ഇവിടെ അനുസ്മരിക്കാം. ഉത്തമപുരുഷസ്ഥാനത്തു നിന്നുകൊണ്ടുള്ള ആഖ്യാനം ഈ കഥയ്ക്ക് അനുഭവരസികത പകരുന്നുവെന്ന (ഡോ. രവികുമാർ കെ.എസ്, 1999:19) അഭിപ്രായവും ശ്രദ്ധേയമാണ്. സംഭാഷണത്തിലൂടെ ഒരു സംഭവം വിവരിക്കുന്ന രീതിയിൽ ആഖ്യാനം ചെയ്യുന്ന "മദിരാശിപ്പിത്തലാട്ടം' എന്ന കഥ സ്വാതന്ത്ര്യപൂർവ്വവർഷങ്ങളിലെ മരുമക്കത്തായ വ്യവസ്ഥിതിയുടെ തീക്ഷ്ണതയെ യാതൊരു വിധ അസ്വാഭാവികതയുമില്ലാതെ അവതരിപ്പിക്കുന്നു.

ഇംഗ്ലീഷിലെ ഡിറ്റക്റ്റീവ് രചനകൾ മലയാളത്തിലെ ആദ്യകാലകഥകളെ സ്വാധീനിച്ചിട്ടുണ്ടെന്നു കരുതാം. പരിണാമഗുപ്തിയെ യഥാവിധി ഗോപനം ചെയ്തു കൊണ്ടുപോകാനുള്ള മിടുക്ക് ഇതിലേക്ക് നിദർശനമായി ചൂണ്ടിക്കാട്ടാം (എന്റെ ആദ്യത്തെ ഫീസ്–അച്യുതമേനോൻ). ഇരുപതാം നൂറ്റാണ്ടിലെ ആദ്യപകുതി വ്യവഹാരങ്ങളാൽ സജീവമാക്കപ്പെട്ടവയായിരുന്നു. വ്യവഹാരകോലാഹലങ്ങളിൽ നിപുണരും നിഷ്ണാതരുമായിരുന്നു ആകാലത്തെ മിക്ക തറവാട്ടുകാരണവന്മാരും. കേസുകളുടെ ചുരുളുകളഴിയുന്ന 'ഒരു മരണപത്രം' (മൂർക്കോത്തു കുമാരൻ) എന്ന കഥ സംഭവബഹുലവും കോടതി രംഗങ്ങൾ ഉള്ളതുമായ ഒരു വ്യവഹാരലോകത്തിന്റെ ആഖ്യാനമാണ്. പരിണാമഗുപ്തി വെളിപ്പെടുത്തുന്ന ഘട്ടത്തിൽ ചടുലമായ സംഭാഷണത്തിലേക്ക് കഥയുടെ രൂപശില്പത്തെ വിന്യസിക്കുന്നതും ആഖ്യാനത്തിന്റെ പ്രത്യേകതയാണ്. ഒരു ചെറുകഥയെന്നതിനേക്കാൾ ആദർശാത്മകവും അത്ഭുതരസദ്യോതകവുമായ റൊമാൻസിനിണങ്ങുന്ന അസംഭാവ്യത നിറഞ്ഞ ഗതിപരിണാമങ്ങൾ കൊണ്ട് ശ്രദ്ധേയമാണ് ഒടുവിൽ കുഞ്ഞികൃഷ്ണമേനോന്റെ 'കല്യാണിക്കുട്ടി'. അതേ പോലെ ഡയറിയെഴുത്തിന്റെ മാതൃകയിൽ ആഖ്യാനത്തിന്റെ നൂതനരീതി ആവിഷ്കരിക്കുകയായിരുന്നു, എം.ആർ.കെ.സി. 'ചങ്കരൻ കോതകൈമളുടെ ഡയറി' എന്ന കഥയിലൂടെ.

ആദ്യകാലകഥകളുടെ ആഖ്യാനസവിശേഷതകളെ ഡോ.എ.എം.ശ്രീധരൻ ഇങ്ങനെ സംഗ്രഹിക്കുന്നു.
1. തീർത്തും വിവരണാത്മകമാണ് ഈ കഥകളെല്ലാം. അതുകൊണ്ട് ഇവയ്ക്ക് പാഠാന്തര സാദ്ധ്യതകളില്ല എന്ന് പറയാൻ സാധിക്കും.
2. ആഖ്യാനത്തിന്റെ പുതുമാതൃകകളാൽ പരീക്ഷണാത്മകമായിരുന്നു ഇവയെല്ലാം.

3. സംഭവബാഹുല്യവും സ്ഥലവർണ്ണനകളും ഇഴഞ്ഞ ആഖ്യാനവും പലപ്പോഴും ചെറുകഥയെന്ന മാധ്യമത്തോട് പൊരുത്തപ്പെടാത്തവയായിരുന്നു.
4. കഥയിലെ കഥാപാത്രമോ നിരീക്ഷകനോ ആഖ്യാതാവിന്റെ സ്ഥാനത്തു നിന്ന് കഥ പറയുന്ന രീതി ആധുനികരീതി പരീക്ഷിച്ചു കണ്ടു.
5. ഉത്തമപുരുഷന്റെ വീക്ഷണത്തിലുള്ള ആഖ്യാനവും ഈ കഥകളെ ആത്മാനുഭവസ്പർശികളാക്കി മാറ്റി. (ഡോ. ശ്രീധരൻ എം.എ., 2012:50)

**ഭ്രമകല്പന കഥകളിൽ (Fantasisation)**

ഭാവനാത്മകമായ പ്രപഞ്ചചിത്രീകരണം സാധ്യമാക്കുന്നതിനാണ് ഈ ആഖ്യാനസമ്പ്രദായം മുഖ്യമായും ഉപയോഗിക്കുന്നത്. കഥ നടക്കുന്നത് മറ്റൊരു ലോകത്താണെന്ന തോന്നൽ വായനക്കാരനിൽ ജനിപ്പിക്കുവാൻ ഈ രീതി സഹായകമാകുന്നു. ഇന്ത്യൻ ആഖ്യാനസമ്പ്രദായങ്ങളിൽ ഭ്രമകല്പനയ്ക്ക് വലിയ പ്രാധാന്യമുണ്ട്. മിത്തുകൾ, കെട്ടുകഥകൾ, യക്ഷിക്കഥകൾ, വേദം, പുരാണം എന്നിവയിൽ ഈ സമ്പ്രദായം വളരെ ഫലപ്രദമായ രീതിയിൽ ഉപയോഗിച്ചു കാണാം. യഥാർത്ഥ ജീവിതവുമായോ സംഭവങ്ങളുമായോ ബന്ധമില്ലാത്ത കാര്യങ്ങളാണ് ഇത്തരത്തിൽ ആഖ്യാനം ചെയ്യപ്പെടുന്നത്. കഥാപാത്രങ്ങളും ഇത്തരത്തിൽ കല്പിതമായി സൃഷ്ടിക്കപ്പെട്ടവരായിരിക്കും.

'ദ്വാരക' സ്വപ്നാത്മകമായ ഭ്രമഭാവനയുടെ ആവിഷ്കാരമാണ്. "മനുഷ്യ മനസ്സിന്റെ അബോധ മേഖലകളിൽ വിലയം കൊണ്ടിരിക്കുന്ന ആഗ്രഹങ്ങളും ഭീതികളുമൊക്കെ വിഭ്രമദൃശ്യങ്ങളായി ഉയർന്നുവരും. അത്തരമൊരു അനുഭവത്തിന്റെ – ഒരു സ്വപ്നത്തിന്റെ – സ്വച്ഛന്ദമായ ആഖ്യാനമാണ് ഈ കഥ" (ഡോ. കെ. എസ്. രവികുമാർ, 1997:18) എന്ന് നിരീക്ഷിക്കുന്നുണ്ട്. ബിലാത്തിയിൽ നിന്ന് ബിരുദം നേടിയ കഥാ നായകൻ, എൻജിനീയറായ സായ്വിന്റെ കൂടെ ഏഡനിൽ നിന്നും ബോംബെയിലേക്ക് കമ്പിത്തപാൽ നടപ്പാക്കുന്നതിനുവേണ്ടി കടലിൽ കമ്പിയിടാൻ പോകുന്ന കപ്പലിൽ യാത്ര ചെയ്യുകയാണ്. ഇതിനിടയിൽ അറബിക്കടലിൽ വച്ച് കമ്പിയിടൽ തടസ്സമുണ്ടാവുകയും തുടർന്ന് കഥാനായകൻ ജല മജ്ജന കവചം ധരിച്ച് കടലിൽ മുങ്ങുന്നതും, പുരാണ പ്രസിദ്ധമായ ദ്വാരകാപുരിയിൽ ചെല്ലാനിടയായതുമായ സംഭവങ്ങളാണ് കഥയിലെ ഉള്ളടക്കം. കഥാനായകൻ, തന്റെ സുഹൃത്തായ മേനോൻ പറഞ്ഞുകേട്ട ബിലാത്തി വിശേഷങ്ങളും വിദ്യുച്ഛക്തിമാഹാത്മ്യവുമാണ് ഈ സ്വപ്നയാത്രയുടെ പ്രേരണയായിരുന്നതെന്ന് വിവരണാന്ത്യത്തിലാണ് വ്യക്തമാകുന്നത്. ഈ ഘട്ടം എത്തുന്നതുവരെ ഇത് വാസ്തവമാണെന്ന തോന്നൽ ജനിപ്പിക്കുന്ന രീതിയിൽ വളരെ മനോഹരമായാണ് കഥാഖ്യാനം നടത്തിയിരിക്കുന്നത്. കഥയിലെ മുഖ്യകഥാപാത്രമോ നിരീക്ഷകനോ ആഖ്യാതാവിന്റെ സ്ഥാനത്തു നിന്നുകൊണ്ട് കഥപറയുന്ന ഏറെക്കുറെ ആധുനികമായ രീതി 'ദ്വാരക'യിൽ വളരെ ഫലപ്രദമായി പ്രയോഗിച്ചിരിക്കുന്നു എന്നു തന്നെ പറയാം. ഭ്രമകല്പനയാണ് ആഖ്യാനത്തിന്റെ അടി സ്ഥാനമെങ്കിലും ഉത്തമപുരുഷസ്ഥാനത്തു നിന്നുകൊണ്ടുള്ള ആഖ്യാനരീതി കഥയ്ക്ക് അനുഭവരസികത നൽകി ആകർഷണീയമാക്കുന്നുണ്ട്. കഥാരംഭം മുതൽക്കു തന്നെ ഓരോ സംഭവങ്ങളും ഇഴയടുപ്പിച്ച് ചേർത്തുകൊണ്ടുള്ള ആഖ്യാനം കഥാശില്പത്തിന്റെ മികവുതന്നെയാണ് വെളിപ്പെടുത്തുന്നത്. ഏകാഗ്രമായ കഥാഗതിയും അനായാസമായ ആഖ്യാനവും കഥയെ മികവുറ്റതാക്കിയിട്ടുണ്ട്.

സിഗ്മണ്ട് ഫ്രോയിഡിന്റെ 'സ്വപ്ന വിശകലന' (Dream Interpretation) സിദ്ധാന്തപ്രകാരം, മനുഷ്യൻ ജാഗ്രതാവസ്ഥയിൽ ആർജ്ജിക്കുന്ന വിവരങ്ങളും അനുഭവങ്ങളും അബോധമനസ്സിൽ (Unconscious mind) വിഭ്രമദൃശ്യങ്ങളായി പുനർനിർമ്മിക്കപ്പെടാറുണ്ട്. 'ദ്വാരക'യിൽ ഈ പ്രക്രിയ വളരെ വ്യക്തമാണ്. കഥാനായകൻ തന്റെ സുഹൃത്തായ മേനോനിൽ നിന്ന് കേട്ട വിദേശ വിദ്യുച്ഛക്തി വിശേഷങ്ങളും ബിരുദപഠനകാലത്തെ അറിവുകളും പുരാണപ്രസിദ്ധമായ ദ്വാരകയുമായി ഇഴചേരുന്നതാണ് നാം ഇവിടെ കാണുന്നത്. ഇത് പത്തൊമ്പതാം നൂറ്റാണ്ടിലെ കൊളോണിയൽ ആധുനികതയെ സ്വന്തം സാംസ്കാരികബോധ്യങ്ങളിലൂടെ വ്യാഖ്യാനിക്കാനുള്ള മലയാളിയുടെ ബോധപൂർവ്വമല്ലാത്ത ശ്രമമായി വിലയിരുത്താം. ആധുനികശാസ്ത്രം നൽകുന്ന അത്ഭുതങ്ങളെ പഴയകാല പുരാണ അത്ഭുതങ്ങളുമായി തുലനം ചെയ്യുന്നതിലൂടെ ഭ്രമകല്പന ഇവിടെ ഒരു സാംസ്കാരിക സംവാദമായി മാറുന്നു.
ടോഡോറോവിന്റെ 'ഫന്റാസ്റ്റിക്' (The Fantastic) എന്ന സങ്കല്പം ഈ കഥയിൽ കൃത്യമായി പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. കടലിനടിയിലെ ദ്വാരകാനഗര വർണ്ണനകളിൽ വായനക്കാരൻ അനുഭവിക്കുന്ന അത്ഭുതം, കഥയുടെ അവസാനം അതൊരു സ്വപ്നമാണെന്ന് വെളിപ്പെടുത്തുന്നതോടെ 'വിചിത്രം' (The Uncanny) എന്ന അവസ്ഥയിലേക്ക് മാറുന്നു. അതായത്, അവിശ്വസനീയമെന്ന് തോന്നിയ കാര്യങ്ങൾക്ക്

കഥാകൃത്ത് ഒരു മനശ്ശാസ്ത്രപരമായ വിശദീകരണം (സ്വപ്നം) നൽകുന്നു. എങ്കിലും, ആ സ്വപ്നത്തിലൂടെ ആവിഷ്കരിക്കപ്പെട്ട വൈകാരികമായ തീവ്രത വായനക്കാരനിൽ ഭ്രമകല്പനയുടെ മാന്ത്രികത അവശേഷിപ്പിക്കുന്നു. ഉത്തമപുരുഷ സ്ഥാനത്തു നിന്നുകൊണ്ടുള്ള ആഖ്യാനം ഈ വിഭ്രമാത്മകമായ അനുഭവത്തെ കൂടുതൽ ആത്മനിഷ്ഠവും തീക്ഷ്ണവുമാക്കാൻ സഹായിക്കുന്നുണ്ട്.

ഭാഷാപരമായ തലത്തിൽ പരിശോധിക്കുമ്പോൾ, പാരമ്പര്യവും ആധുനികതയും തമ്മിലുള്ള സംഘർഷം ആഖ്യാനത്തിലുടനീളം കാണാം. പുരാണങ്ങളിലെയും മഹാകാവ്യങ്ങളിലെയും ശൈലികളെ അനുസ്മരിപ്പിക്കുന്ന രീതിയിലുള്ള വർണ്ണനകൾ കഥാകാരൻ ഉപയോഗിക്കുമ്പോൾ തന്നെ, ശാസ്ത്രസാങ്കേതികപദങ്ങളെ മലയാളത്തിലേക്ക് ആവാഹിക്കാനും അദ്ദേഹം ശ്രമിക്കുന്നു. "മഹാഭാരതം, ഭാഗവതം മുതലായ ഇതിഹാസപുരാണങ്ങൾ" പരാമർശിക്കപ്പെടുന്ന അതേ ശ്വാസത്തിൽ തന്നെ കൊളംബസിനെയും വാസ്കോ ഡി ഗാമയെയും കുറിച്ചുള്ള ചരിത്രപരമായ സൂചനകൾ കടന്നുവരുന്നത് ശ്രദ്ധേയമാണ്. ഇത്തരത്തിൽ ആഗോളചരിത്രത്തെയും പ്രാദേശികസ്മൃതികളെയും ഭ്രമകല്പനയുടെ നൂലിൽ കോർത്തെടുക്കുന്നതിലൂടെ കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ മലയാള ചെറുകഥയിൽ പുതിയൊരു ആഖ്യാനചക്രവാളം സൃഷ്ടിക്കുകയായിരുന്നു.

പരമ്പരാഗത കഥാഖ്യാനസമ്പ്രദായങ്ങളെ അനുസ്മരിപ്പിക്കുന്ന രീതിയിലാണ് സ്ഥലകാല വർണ്ണനകൾ കഥയിൽ നടത്തിയിരിക്കുന്നത്. "ഭാരതം, ഭാഗവതം മുതലായ ഇതിഹാസ പുരാണങ്ങളിലും, 'മാഘം' മുതലായ മഹാകാവ്യങ്ങളിലും, വളരെ വിസ്തരിച്ചു വർണ്ണിച്ചതും വലിയ പുണ്യസ്ഥലവുമായ പണ്ടത്തെ ദ്വാരകയിലുള്ള മഹിമയേറിയ ഒരു രാജധാനിയിൽ ഇങ്ങിനെയെങ്കിലും ഒന്നു ചേർന്നു നിൽക്കാനായി സംഗതി വന്നതോർത്തു തത്കാലം എനിക്കുണ്ടായ പരിഭ്രമവും, സന്തോഷവും വിചാരിച്ചാൽ അമേരിക്ക രാജ്യം ആദ്യമായിക്കണ്ട കൊളംബസ് എന്ന നാമധേയത്തോട്ടു കൂടിയ ആ മഹാപുരുഷനാകട്ടെ, അഥവാ ഈ ഭാരതഖണ്ഡത്തിലേക്കു വരാൻ പുതുതായ മാർഗം കണ്ടു പിടിച്ച വാസ്കോ ഡി ഗാമയ്ക്കാവട്ടെ, അല്ലെങ്കിൽ അതിവിസ്തീർണ്ണമായ ശാന്തസമുദ്രം ഒന്നാമതായിക്കണ്ടപ്പോൾ പൈസാറേ എന്ന മഹാനാവട്ടെ ഉണ്ടായ സന്തോഷം എത്രയോ ശിഥിലമാണെന്നേ പറഞ്ഞുകൂടൂ "(വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, 1997: 31). 'ദ്വാരക'യിലെ ഒരു കഥാഭാഗമാണ് മേല്കൊടുത്തിരിക്കുന്നത്. ആധുനിക ശാസ്ത്രവികാസവും ഭാവനയും മുഖ്യമായി കടന്നുവരുന്ന കഥയിൽ പാരമ്പര്യബോധത്തിന്റെ ശക്തമായ അടിത്തറയുണ്ടെന്നു പറഞ്ഞുവയ്ക്കുന്നുണ്ട് 'ദ്വാരക'. ഇന്ത്യൻ ആഖ്യാനങ്ങളിൽ വിശേഷിച്ചും നാടോടിക്കഥകൾ, യക്ഷിക്കഥകൾ, ഇതിഹാസം, പുരാണം തുടങ്ങിയവയിലെല്ലാം കാണപ്പെടുന്ന 'വിഭ്രമവത്കരണം' എന്ന ആഖ്യാനരീതി തന്നെയാണ് കഥാകാരൻ ഉപയോഗിച്ചിട്ടുള്ളതെന്നു കാണാം. ആത്മാനുഭവസ്പർശം കൊണ്ടുള്ള ആശയ സംവേദനീയത കഥയിലുടനീളം കാണാം. ഒരു കഥാഭാഗം ശ്രദ്ധിക്കാം; "ഞങ്ങൾ രണ്ടുപേരും കമ്പി പതുക്കെ പതുക്കെ പൊന്തിച്ച് ഏതാണ്ട് വെള്ളത്തിനു മീതെ എത്താറായപ്പോൾ അദ്ദേഹം മുൻപേ ഊഹിച്ചതുപോലെ തന്നെ, ദാ – ദാ – ദാ – മെല്ലെ – പോയി – പോയി – ദാ – ഛെ !എന്തിനു പറയുന്നു ! കഷ്ടം കമ്പി രണ്ടു കഷ്ണം! പോരെ ഗ്രഹപ്പിഴ !" (വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, 1997: 27). കഥ നേരിട്ടു കണ്ടനുഭവിക്കാൻ വായനക്കാരന് സാധിക്കുന്ന രീതിയിലാണ് കുഞ്ഞിരാമൻ നായനാർ കഥാശിൽപം തയ്യാറാക്കിയിട്ടുള്ളത്. കഥാന്ത്യത്തിൽ മാത്രമാണ് വായനക്കാരന് 'ദ്വാരക'യിലേക്കുള്ള യാത്ര സ്വപ്നമാണെന്ന തിരിച്ചറിവുണ്ടാകുന്നത്. ആ സ്വപ്നനഗരവർണ്ണനയും അതിലൂടെ പ്രകടിപ്പിക്കുന്ന അനുഭൂതിയുടെ നേർകാഴ്ചയും അത്യയധികം വായനക്കാരനെ സ്വാധീനിക്കുന്നുണ്ട്. സംഭാഷണങ്ങളും ചിന്തകളുമെല്ലാം കഥാഗതി പുരോഗമിക്കുമ്പോൾ കൂടെ ചേർത്തുതന്നെയാണ് പ്രയോഗിച്ചിട്ടുള്ളതെന്നു കാണാം. ഓരോ കഥാപാത്രത്തിനും വേണ്ടി സവിശേഷമായി ചിന്തകളോ സംഭാഷണങ്ങളോ നൽകിയിട്ടില്ല. വളരെ ആധുനികമായി കണ്ടുവരുന്ന സ്വഗതാഖ്യാനരീതി കഥയെ മുന്നോട്ടു കൊണ്ടുപോകുന്ന പ്രധാനപ്പെട്ട മറ്റൊരു ഘടകമാണ്. ഭാവത്തിനൊത്ത സാന്ദ്രമായ ഭാഷാശൈലിയാണ് കഥയിലുടനീളം പ്രയോഗിച്ചുകാണുന്നത്. ആദ്യകാലകഥകളിൽ തികച്ചും വ്യത്യസ്തമായ ആഖ്യാന ശൈലി കൊണ്ട് വേറിട്ടുനിൽക്കുന്ന ഒന്നുതന്നെയാണ് 'ദ്വാരക'.

'ദ്വാരക'യ്ക്കുശേഷം ഭ്രമകല്പനയിലൂടെ ആഖ്യാനം ചെയ്യപ്പെട്ട കഥയാണ് ഇ.വി. കൃഷ്ണപിള്ളയുടെ 'എന്റെ ഗന്ധർവ്വ സ്നേഹിതൻ'. 1927–ൽ പ്രസിദ്ധീകൃതമായ കഥ പറയുന്നത് ഗ്രന്ഥകാരനെയും അദ്ദേഹത്തിന് യാദൃച്ഛികമായി ലഭിച്ച ഒരു ഗന്ധർവ്വ സുഹൃത്തിനെയും പറ്റിയാണ്. ഉത്തമപുരുഷ സ്ഥാനത്തു നിന്നുതന്നെയാണ് കഥാഖ്യാനം

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

നടത്തിയിട്ടുള്ളത്. "വൃശ്ചികമാസത്തിലെ ഒരു രാത്രിയാണ്. നേരം പന്ത്രണ്ടു മണിക്കു മേലായി" (ഇ.വി.കൃഷ്ണപിള്ള, 1997: 200) എന്നു തുടങ്ങുന്ന കഥ ആരംഭത്തിൽത്തന്നെ സമയത്തിനും കാലത്തിനും നൽകുന്ന പ്രാധാന്യം വ്യക്തമാകുന്നതാണ്. ഐതിഹ്യത്തിലും മിത്തുകളിലും മാത്രം നമുക്ക് പരിചയമുള്ള പ്രണയലോലനായ ഗന്ധർവ്വൻ തന്നെയാണ് കഥയിൽ പ്രത്യക്ഷപ്പെടുന്നത്. ഗ്രന്ഥകാരനൊപ്പം താമസിക്കുന്ന ഗന്ധർവ്വൻ ലക്ഷ്മിക്കുട്ടി എന്ന സുന്ദരിയും നിർമ്മലയുമായ യുവതിയിൽ അനുരക്തനാവുകയും തുടർന്ന് യഥാസമയം ഭൂമിയിൽ നിന്നുപോകാൻ മടിച്ചതുകൊണ്ടുതന്നെ ഇവിടെത്തന്നെ ചാരമായി അവശേഷിക്കുന്നതുമാണ് കഥയിലെ ഉള്ളടക്കം. കഥ ഒരു ഫാന്റസിയാണെങ്കിൽക്കൂടിയും യഥാർത്ഥജീവിതസ്പർശവും കഥയിൽ ഉള്ളടങ്ങുന്നതായി കാണാം. ഗ്രന്ഥകാരന് ആദ്യം തോന്നുന്ന സംശയങ്ങൾക്കു ശേഷം ഒരുറ്റ സുഹൃത്തിനോടെന്നപോലെയാണ് ഗന്ധർവ്വനോടും സംസാരിക്കുന്നത്. സംഭാഷണങ്ങൾക്കും വിശേഷിച്ചുള്ള ഏച്ചുകെട്ടലുകൾ ദൃശ്യമല്ല. വളരെ ലളിതവും തന്മയത്വമാർന്നതുമായ സംഭാഷണരീതിതന്നെയാണ് കഥയിലുടനീളം ഉള്ളത്. ആഖ്യാതാവിനൊപ്പം തന്നെ പ്രാധാന്യം കഥയിൽ പ്രത്യക്ഷത്തിൽ വരുന്ന മറ്റു രണ്ടു കഥാപാത്രങ്ങൾക്കും നല്കിയിരിക്കുന്നുമുണ്ട് എന്നതും ശ്ലാഘനീയമായ വസ്തുതയാണ്.

ഇ.വി. കൃഷ്ണപിള്ളയുടെ കഥകളിൽ പൊതുവെ കാണപ്പെടുന്ന പല സവിശേഷതകളും ഈ കഥയിലും ഉള്ളടങ്ങിയിരിക്കുന്നു. "ഇ.വി. ജീവിതയാഥാർത്ഥ്യങ്ങളുമായി കൂടുതൽ ബന്ധം പുലർത്തി; മാംസനിബന്ധമായ അനുരാഗം ഉപേക്ഷിച്ചു ദിവ്യപ്രേമത്തിന്റെ ഉജ്ജ്വലതയെയും നിസ്വാർത്ഥതയെയും ആവിഷ്കരിച്ചു. പശ്ചാത്തല സൃഷ്ടിയിലും പാത്രസൃഷ്ടിയിലും വസ്തുനിഷ്ഠത പുലർത്താൻ ശ്രമിച്ചു: ഋജുവും നിർമ്മലവുമായ ആഖ്യാനരീതി സ്വീകരിച്ചു" (ഡോ.ബഷീർ എം.എം., 2002: 135). വിഭ്രമാത്മകതയോടൊപ്പം തന്നെ യാഥാർത്ഥ്യവും കഥയിൽ ഉള്ളടങ്ങുന്നു. ആന്തരിക സ്വഗതോക്തിക്കും പ്രാധാന്യമുള്ള കഥയാണിത്. ആഖ്യാതാവിനൊപ്പം തന്നെ വൈകാരിക ചേഷ്ടകൾ പ്രകടിപ്പിക്കുന്ന കഥാപാത്രങ്ങളും കഥയുടെ പ്രത്യേകതയാണ്. സംഭവങ്ങൾ വെറുതെ അവതരിപ്പിക്കുക മാത്രമല്ല, തന്റെ ചിന്തകളിലൂടെ വിധിയെ വിശദീകരിക്കുക കൂടിയാണ് ഗ്രന്ഥകാരൻ ഇവിടെ ചെയ്യുന്നത്. ഭ്രമാത്മകത ഉള്ളടങ്ങുന്ന കഥയാണെങ്കിൽ കൂടിയും മറ്റൊരു ലോകത്തേക്ക് കഥ അനുവാചകനെ കൂട്ടിക്കൊണ്ടു പോകുന്നില്ല. അടുത്തത് എന്ത് സംഭവിക്കും എന്ന ജിജ്ഞാസ ഉണർത്തിക്കൊണ്ടുതന്നെയാണ് ആഖ്യാനം ചെയ്തിട്ടുള്ളതെന്നു കാണാം. കഥാപാത്രങ്ങളോട് നേരിട്ടു സംസാരിച്ചു കൊണ്ടുതന്നെ അവരുടെ വൈകാരിക ചിന്താമണ്ഡലങ്ങളെ നേരിട്ടു വെളിവാക്കുന്ന ആഖ്യാനരീതി വളരെ ആധുനികമാണെന്നു പറയാം. ഒരു കഥാഭാഗം ഇങ്ങനെയാണ് ;

"എന്താശ്ചര്യം ! കനകവീചികളുടെ നിരന്തര വിഹാരക്കളമായിരുന്ന ശചീനാ ഥന്റെ മുഖം ചാമ്പൽ പോലെ വിളറി, ശബ്ദം നിന്നു. അദ്ദേഹം പ്രാണവേദന കാട്ടിത്തുടങ്ങി. ഞാൻ ചാടി എഴുന്നേറ്റു വീഴാൻ പോയ എന്റെ ഗന്ധർവ്വസ്നേഹിതനെ പിടിച്ചു.
"അയ്യോ ! വിടുവിൻ, വിടുവിൻ, ഞാൻ നിങ്ങൾക്കൊന്നും തരുവാനില്ല. പിന്നെന്തിന് ഈ മരണസമയത്തെന്നെ പിടിക്കുന്നു ".
"ശചീനാഥാ ! സ്നേഹിതാ !"
"ഐ –ഹെന്റെ പേരല്ല –ആര്? "
"നിങ്ങൾ ചെമ്പംകോട്ട് ലക്ഷ്മിക്കുട്ടിയെ ഓർക്കുന്നില്ലേ? "
"ആര്? ഹാര്? അറിയില്ല. ഞാൻ ചാവട്ടെ സുഖമായി ".
ശചീനാഥന്റെ ദേഹം പോലും കണ്ടില്ല, കുറെ ചാരം മാത്രം ആ മുറിയുടെ തറയിൽ ചിതറി ശേഷിച്ചു." (ഇ.വി. കൃഷ്ണപിള്ള , 1997: 204)

ഈ വിധം അവസാനിക്കുന്ന കൃതിയിൽ ഈ ഭാഗത്തും തുടക്കവും മാത്രമാണ് ശക്തമായ ഫാന്റസിയുടെ അംശമുള്ളത് വളരെ സ്വാഭാവികമായി മനുഷ്യനെപ്പോലെ തന്നെ ഇടപെടുന്ന ഗന്ധർവ്വനും അയാളുടെ പ്രണയബന്ധവുമെല്ലാം തന്നെ അനുവാചകനിൽ ഇത് യാഥാർത്ഥ്യമോ മിഥ്യയോ എന്ന സംശയം ജനിപ്പിക്കുന്നുണ്ട്. പിൽക്കാലത്തു മാധവിക്കുട്ടിയടക്കമുള്ള റൊമാന്റിക്, ഫാന്റസി കഥാകൃത്തുക്കൾ പിന്തുടർന്ന് ഇ.വി. കൃഷ്ണപിള്ള തുടങ്ങിവച്ച ഈ രീതി തന്നെയാണെന്നത് വ്യക്തമാണ്. പത്മരാജന്റെ 'പ്രതിമയും രാജകുമാരിയും' എന്ന നോവലും ഈ കഥയിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് രചിക്കപ്പെട്ടതാണ്. ഇങ്ങനെ നോക്കുമ്പോൾ പല

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

കാരണങ്ങൾകൊണ്ടും, ഇ.വി. കൃഷ്ണപിള്ളയുടെ 'എന്റെ ഗന്ധർവ്വ സ്നേഹിതൻ' ആദ്യകാല മലയാളകഥകളുടെ പൊതുചട്ടക്കൂടിൽ നിന്നും വേറിട്ടു നിൽക്കുന്നതായി കാണാം.

മലയാള ചെറുകഥാ ചരിത്രത്തിൽ 'റൊമാന്റിക് ഫാന്റസി' (Romantic Fantasy) എന്ന ആഖ്യാന ശാഖയ്ക്ക് കരുത്തുറ്റ അടിത്തറ പാകിയ രചനയാണ് ഇ.വി. കൃഷ്ണപിള്ളയുടെ 'എന്റെ ഗന്ധർവ്വ സ്നേഹിതൻ'. മിത്തുകളെയും ഐതിഹ്യങ്ങളെയും ആധുനിക കാലത്തിന്റെ യുക്തിയുമായി കൂട്ടിയിണക്കുന്നതിൽ കഥാകൃത്ത് പുലർത്തിയ വൈഭവം ഈ കഥയെ വേറിട്ടു നിർത്തുന്നു. ആഖ്യാനശാസ്ത്രപരമായ വീക്ഷണത്തിൽ, അമാനുഷികനായ ഒരു ഗന്ധർവ്വനെ മർത്യരുടെ വൈകാരികതലത്തിലേക്ക് കൊണ്ടുവന്നു എന്നതാണ് ഈ കഥയുടെ ഏറ്റവും വലിയ സവിശേഷത. ഐതിഹ്യങ്ങളിൽ നാം കേട്ടുപരിചയിച്ച ഭീതിദമായ ഗന്ധർവ്വ സങ്കല്പത്തിന് പകരം, പ്രണയലോലനും വിനീതനുമായ ഒരു സ്നേഹിതനെയാണ് ഇവിടെ അവതരിപ്പിക്കുന്നത്. സൈദ്ധാന്തികമായി പരിശോധിക്കുമ്പോൾ, ഈ കഥയിൽ ഭ്രമകല്പന പ്രവർത്തിക്കുന്നത് ആന്തരികവും ബാഹ്യവുമായ രണ്ട് തലങ്ങളിലാണ്. ഒന്നാമതായി, കഥയുടെ പശ്ചാത്തലം സൃഷ്ടിക്കുന്നതിലെ അതീന്ദ്രിയ സ്വഭാവം. "വൃശ്ചികമാസത്തിലെ ഒരു രാത്രി" എന്ന തുടക്കം തന്നെ വായനക്കാരനെ ഒരു പ്രത്യേക മാനസികാവസ്ഥയിലേക്ക് നയിക്കുന്നു. രണ്ടാമതായി, വ്ലാദിമിർ പ്രോപ്പിന്റെ രൂപഭദ്രതാവാദ (Formalism) സിദ്ധാന്തമനുസരിച്ച്, അത്ഭുതകഥ കളിലെ കഥാപാത്രങ്ങൾ നിർവ്വഹിക്കുന്ന പ്രത്യേക ധർമ്മങ്ങൾ ഈ കഥയിലും കാണാം. എന്നാൽ ഇ.വി. കൃഷ്ണപിള്ള ആ പരമ്പരാഗത ചട്ടക്കൂടിനെ ഭേദിച്ചു കൊണ്ട് ഗന്ധർവ്വനെ ഒരു ശരാശരി മനുഷ്യനെപ്പോലെ ചിന്തിപ്പിക്കുകയും സംസാരിപ്പിക്കുകയും ചെയ്യുന്നു. ഇത് ഭ്രമകല്പനയ്ക്ക് ഒരുതരം 'ലൗകിക പരിവേഷം' നൽകുന്നു.

ടോഡോറോവിന്റെ സൈദ്ധാന്തിക ചട്ടക്കൂടിൽ 'വിചിത്രം' (The Uncanny), 'ഫന്റാസ്റ്റിക്' (The Fantastic) എന്നീ അവസ്ഥകൾ ഈ കഥയിൽ ഇഴചേർന്നു കിടക്കുന്നു. കഥയുടെ അന്ത്യത്തിൽ ഗന്ധർവ്വൻ ചാരമായി മാറുന്നത് വായനക്കാരനിൽ വലിയൊരു സന്ദേഹം അവശേഷിപ്പിക്കുന്നു. അതീന്ദ്രിയ ശക്തിയായ ഗന്ധർവ്വൻ തന്റെ പ്രണയത്തിനായി ഭൂമിയിൽ തങ്ങിയതും ഒടുവിൽ ചാരമായി മാറിയതും ആഖ്യാതാവ് തന്റെ ചിന്തകളിലൂടെ വിശദീകരിക്കുന്നത് ഒരു മനശ്ശാസ്ത്രപരമായ സത്യമായി വായനക്കാരൻ ഏറ്റെടുക്കുന്നു. ഇവിടെ ഭ്രമകല്പന എന്നത് യാഥാർത്ഥ്യത്തിൽ നിന്നുള്ള ഒളിച്ചോട്ടമല്ല, മറിച്ച് പ്രണയം, വിരഹം, മരണം തുടങ്ങിയ സാർവ്വലൗകികസത്യങ്ങളെ കൂടുതൽ തീവ്രമായി അവതരിപ്പിക്കാനുള്ള ഒരു ഉപാധിയായി മാറുകയാണ് ചെയ്യുന്നത്.

ഉത്തമപുരുഷ ആഖ്യാനശൈലി ഈ കഥയ്ക്ക് നല്കുന്ന ആധികാരികത ശ്രദ്ധേയമാണ്. ആഖ്യാതാവ് ഗന്ധർവ്വനോട് നടത്തുന്ന സംഭാഷണങ്ങളും അവരുടെ ആത്മബന്ധവും വായനക്കാരനെ ഒരു വിഭ്രമ ലോകത്തേക്ക് തടസ്സമില്ലാതെ കൂട്ടിക്കൊണ്ടുപോകുന്നു. പിൽക്കാലത്ത് മലയാളത്തിലുണ്ടായ പത്മരാജന്റെയും മാധവിക്കുട്ടിയുടെയും കഥകളിലെ ഫാന്റസി സ്വഭാവത്തിന് ഈ കഥ വലിയൊരു പ്രചോദനമായിട്ടുണ്ട്. കേവലം അത്ഭുതരസം ജനിപ്പിക്കുക എന്നതിനപ്പുറം, മനുഷ്യജീവിതത്തിലെ വിധിയെയും നിസ്സഹായതയെയും ഭ്രമകല്പനയുടെ നൂലിൽ കോർത്തെടുക്കാൻ ഇ. വി. കൃഷ്ണപിള്ളയ്ക്ക് സാധിച്ചു. പാരമ്പര്യമായി മലയാളികൾക്കുണ്ടായിരുന്ന ഐതിഹ്യബോധത്തെ ആധുനികമായ ചെറുകഥാ ശില്പത്തിലേക്ക് പരിവർത്തനം ചെയ്ത രീതിയിലാണ് ഈ കഥയുടെ ആഖ്യാനപരമായ വിജയം നിലകൊള്ളുന്നത്.

**ഉപസംഹാരം**

മലയാള ചെറുകഥയുടെ ആവിർഭാവഘട്ടത്തിൽ ആഖ്യാനകല കൈവരിച്ച സവിശേഷമായ ഒരു ഭാവുകത്വപരിണാമത്തെയാണ് ഈ പ്രബന്ധം അടയാളപ്പെടുത്താൻ ശ്രമിച്ചത്. യഥാതഥാവിഷ്കാര ങ്ങളുടെ ലളിതമായ വിവരണരീതികളിൽ നിന്ന് ഭാവനയുടെ അതിരുകൾ ലംഘിക്കുന്ന 'ഭ്രമകല്പന' എന്ന ആഖ്യാനതന്ത്രം എങ്ങനെയാണ് ആദ്യകാലകഥകളിൽ വിപ്ലവകരമായി പ്രയോഗിക്കപ്പെട്ടതെന്ന് വിശകലനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ 'ദ്വാരക', ഇ.വി. കൃഷ്ണപിള്ളയുടെ 'എന്റെ ഗന്ധർവ്വ സ്നേഹിതൻ' എന്നീ കഥകൾ കേവലം അത്ഭുതരസം ജനിപ്പിക്കാനല്ല, മറിച്ച് മനുഷ്യ മനസ്സിന്റെ അബോധതലങ്ങളെയും സാംസ്കാരികമായ സംഘർഷങ്ങളെയും ആവിഷ്കരിക്കാനാണ് ഭ്രമകല്പനയെ ഉപയോഗിച്ചത്.

സൈദ്ധാന്തികമായി പരിശോധിക്കുമ്പോൾ, ഈ കഥകളിലെല്ലാം ഉത്തമപുരുഷ വീക്ഷണകോണിൽ നിന്നുള്ള ആഖ്യാനം (First-person Narration) ഭ്രമകല്പനയ്ക്ക് വായനക്കാരനിൽ വലിയ തോതിലുള്ള വിശ്വാസ്യത നൽകുന്നുണ്ട്. സെവെറ്റൻ ടോഡോറോവ് നിരീക്ഷിച്ചതുപോലെ, അത്ഭുതത്തിനും യുക്തിക്കും ഇടയിലുള്ള ആ അനിശ്ചിതാവസ്ഥയാണ് ഈ കഥകളുടെ ആസ്വാദനത്തെ മനോഹരമാക്കുന്നത്. 'ദ്വാരക'യിൽ ശാസ്ത്രീയമായ ആധുനികതയും പുരാണസ്മൃതികളും തമ്മിലുള്ള സംവാദമാണ് നാം കാണുന്നതെങ്കിൽ, 'എന്റെ ഗന്ധർവ്വ സ്നേഹിതൻ' എന്ന കഥയിൽ ഐതിഹ്യങ്ങളിലെ അതിമാനുഷികതയെ ലൗകികമായ വൈകാരിക തലത്തിലേക്ക് ആനയിക്കുന്ന മാനുഷികവൽക്കരണമാണ് ദൃശ്യമാകുന്നത്. മലയാള ചെറുകഥയുടെ പിൽക്കാല വളർച്ചയിൽ ഈ ഭ്രമകല്പനകൾ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ആധുനികതയുടെ കാലഘട്ടത്തിൽ ഒ.വി. വിജയനും പത്മരാജനും മാധവിക്കുട്ടിയും പിന്തുടർന്ന വിഭ്രമാത്മകമായ ആഖ്യാനശൈലിയുടെ ആദ്യകാല വിത്തുകൾ ഈ കഥകളിലുണ്ടായിരുന്നു എന്ന് നിസ്സംശയം പറയാം. കേവലം വിവരണാത്മകമായ കഥകളിൽ നിന്ന് സാന്ദ്രവും ചിന്തോദ്ദീപകവുമായ ആധുനിക കഥകളിലേക്കുള്ള പരിവർത്തനത്തിൽ ഒരു 'പാലം' ആയി ഭ്രമകല്പന എന്ന ആഖ്യാനതന്ത്രം വർത്തിച്ചു. ചുരുക്കത്തിൽ, മലയാള ചെറുകഥയുടെ ആഖ്യാനഭൂപടത്തിൽ ഭാവനയുടെയും മിത്തിന്റെയും ശാസ്ത്രത്തിന്റെയും പുതിയ ചക്രവാളങ്ങൾ തുറന്നിട്ടവയാണ് ഈ ആദ്യകാല ഫാന്റസി രചനകൾ.

**ഗ്രന്ഥസൂചി**

1. രവികുമാർ കെ. എസ്. (എഡി.), ആദ്യകാല കഥകൾ, കറന്റ് ബുക്സ്, കോട്ടയം, 1997.
2. രവികുമാർ കെ. എസ്., ചെറുകഥ വാക്കും വഴിയും, കറന്റ് ബുക്സ്, കോട്ടയം, 1999
3. ബഷീർ എം.എം. .ഡോ, മലയാള ചെറുകഥാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ,2002.
4. ശ്രീധരൻ എം. .എ ഡോ ., ആഖ്യാനം – കാലം – കഥ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 2012.
5. വത്സലൻ വാതുശ്ശേരി, കഥയുടെ ന്യൂക്ലിയസ് ,ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2007.
6. അപ്പൻ കെ. പി., കഥ: ആഖ്യാനവും അനുഭവസത്തയും, ഡി. സി. ബുക്സ്, കോട്ടയം, 1999.

About the researcher:
ജയകൃഷ്ണൻ ആർ. എം.
ഗവേഷകൻ
മലയാളവിഭാഗം
യൂണിവേഴ്സിറ്റി കോളേജ്
പാളയം, തിരുവനന്തപുരം

Email: rjayakrishnan16@gmail.com
Mob: 8075764580, 9496443233